പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1950 22-03-2012-ൽ മറുപടിക്ക്.

## മദ്യവിപത്തിനെതിരെ ബോധവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശശി : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യവിപത്തിനെതിരെ എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് നടപ്പാക്കുന്നത്; വ്യക്തമാക്കുമോ; | (എ) | എക്സൈസ് വകുപ്പ്, മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത്, സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടി.വി.ചാനലുകൾ, എഫ്.എം. റേഡിയോ, വാരികകൾ, മറ്റ് സർക്കാർ-സർക്കാരിതര ഏജൻസികൾ എന്നിവരുടെ സഹകരണത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ സെമിനാറുകൾ, കൂട്ടഓട്ടം, തെരുവ് നാടകങ്ങൾ, പോസ്റ്റർ പ്രദർശനം, വിളംബര ജാഥകൾ, എക്സിബിഷൻ കേന്ദ്രങ്ങളിൽ ലഹരി വിരുദ്ധ ആശയ വിനിമയ സ്റ്റാളുകൾ എന്നിവ സംഘടിപ്പിച്ച് പൊതുജനങ്ങളിൽ മദ്യ-ലഹരി വിരുദ്ധ ആശയങ്ങൾ എത്തിച്ചു വരുന്നു. സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. |
| (ബി) ഇതിനായി എത്ര ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചുവെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ? | (ബി) | 2011-12 സാമ്പത്തിക വർഷത്തിൽ 1 കോടി 20 ലക്ഷം രൂപ അനുവദിച്ചതിൽ, 70 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ